ബി.പി.എൽ. ലിസ്റ്റ്

160 (1918) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) ഈ സർവ്വേ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കണക്കുകളിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് നിലനിൽക്കുന്നത് ;

(സി) വ്യക്തവും സുതാര്യവും ആയ പട്ടികകളുടെ അടിസ്ഥാനത്തിൽ ഈ ലിസ്റ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് ഇത്തരത്തിലുള്ള ലിസ്റ്റ് ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എത്രയും വേഗം ഈ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യരേഖാ സെൻസസ്സ് 2003 ഏപ്രിൽ, ജൂൺ മാസങ്ങളിലായി നടത്തിയിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി റിട്ട് പെറ്റീഷൻ നമ്പർ 196/2001-ൽ നിർദ്ദേശിച്ചതനുസരിച്ച് അന്തിമ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കാൻ പാടില്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. ഇതിനാൽ സർവ്വേയുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. എന്നാൽ 2005 ഒക്ടോബർ മാസത്തിൽ ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ തടസ്സം നീങ്ങിയതായും ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കാവുന്നതാണെന്നും ഗ്രാമവികസന മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികൾ അന്നത്തെ സർക്കാർ സ്വീകരിച്ചില്ല. ദാരിദ്രരേഖാ സെൻസസ്സിലൂടെ ശേഖരിച്ച വിവരങ്ങൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന 2007-ൽ സാദ്ധ്യതാ പരിശോധനയ്ക്ക് വിധേയമാക്കി. തുടർന്ന് ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ 2008 സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിൽ കരട് ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. കരട് ലിസ്റ്റിൽ വിട്ടുപോയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് അവസരം നൽകുകയും ഗ്രാമസഭകളിൽ ആക്ഷേപം ഉന്നയിക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. പക്ഷേ നിർഭാഗ്യവശാൽ വളരെ പെരുപ്പിച്ച ഒരു ലിസ്റ്റാണ് ഗ്രാമപഞ്ചായത്തുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമസഭകൾക്ക് ശേഷം സമർപ്പിച്ചത്. ആയതിനാൽ പ്രസ്തുത ലിസ്റ്റ് വിവിധ ക്ഷേമ-വികസന പദ്ധതികൾക്ക് ഉപയോഗിക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ടായി. ഈ സാഹചര്യത്തിൽ 2009 ഏപ്രിൽ-മേയ് മാസങ്ങളിൽ ദരിദ്ര കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള ഒരു പുതിയ സർവ്വേ നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. മാനദണ്ഡങ്ങൾ നിശ്ചയിച്ച ദരിദ്ര കുടുംബങ്ങളുടെ പട്ടിക ഉടനെ പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേന്ദ്ര സർക്കാർ 2002-ലെ ദാരിദ്ര്യ രേഖാ സർവ്വേ നടത്തുന്നതിന് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന പരമാവധി കുടുംബങ്ങളുടെ എണ്ണം 10.25 ലക്ഷം ആയിരുന്നു. 2009-ൽ നടത്തിയ സർവ്വേ പ്രകാരം പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്ന ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. മാനദണ്ഡങ്ങളുടെ കാര്യത്തിൽ തീരുമാനമായാൽ മാത്രമേ എത്ര കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളു.

(സി) വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേയിലൂടെ അനർഹരായ കുടുംബങ്ങളെ ഒഴിവാക്കി ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിവിധ ക്ഷേമ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ നിലവിലുള്ള ലിസ്റ്റിൽ നിന്നുതന്നെ കണ്ടെത്താൻ കഴിയും. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹതയുള്ളവർക്ക് വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്.

(ഡി) ദരിദ്ര കുടുംബങ്ങളുടെ പട്ടിക ഉടനെ പ്രസിദ്ധീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടും വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയും ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

161 (1919) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടും വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയും ഉപയോഗിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly